# ഗവൺമെന്റ് വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്കൂൾ
## ചാത്തന്നൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

## വർഷത്തെ ഊന്നൽ വിഷയങ്ങൾ

***സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ!**
***ശുചിത്വ ഗൃഹം ശുചിത്വ വിദ്യാലയം!**
***വിദ്യാലയമാണ് എന്റെ ലഹരി............ ലഹരിയേ വിട!**

# ഉള്ളടക്കം

1. ആമുഖം

2. പുതുലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാവിശകലനം

5. മികവനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6. പദ്ധതി വിശദാംശങ്ങൾ

7. പ്രതീക്ഷിത നേട്ടങ്ങൾ

8. മോണിറ്ററിംഗ്

9. ഉപസംഹാരം

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.വി.എച്ച്.എസ്.എസ്. ചാത്തന്നൂർ. |
| പഞ്ചായത്ത് | : ചാത്തന്നൂർ |
| ബി. ആർ. സി. | : ചാത്തന്നൂർ |
| വിദ്യാഭ്യാസ ഓഫീസ് | : ചാത്തന്നൂർ |
| വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് | : കൊല്ലം |
| ജില്ല | : കൊല്ലം |
| താഴ്ന്ന ക്ലാസ്സ് | : 5 |
| ഉയർന്ന ക്ലാസ് | : 10 |
| ഫോൺ നമ്പർ | : 0474 2593644 |
| ഇമെയിൽ ഐഡി | : 41006klm@gmail.com |

:

# ആമുഖം

ഇന്നത്തെ ചാത്തന്നൂർ ഗവൺമെൻറ് സ്കൂളിൻറെ ആവിർഭാവം ഉദ്ദേശം 1914 പുരയിടത്തിൽ ഉണ്ടായിരുന്ന പെൺപള്ളിക്കുടവും ചാത്തന്നൂരിൽ അന്നുണ്ടായിരുന്ന ആൺപള്ളിക്കൂടവും ഒരുമിച്ച് ചേർന്നതാണെന്ന് കംക്കാക്കുന്നു. നാലുകെട്ടിന്റെ മാതൃകയിൽ നിർമ്മിച്ച നാല് ഓലപ്പുരകളുടെ ചുറ്റും മാവും പ്ലാവും മറ്റ് വൃക്ഷലതാദികളും നിറഞ്ഞ ഭംഗിയേറിയതായിരുന്നു ചാത്തന്നൂർ ഗവൺമെൻറ് സ്കൂൾ. സ്കൂളിലേക്ക് കടക്കുമ്പോൾ തന്നെ കിളിമരത്തിൽ പടർന്നു കിടക്കുന്ന പച്ചില ചെടിയുടെ പൂക്കളുടെ സുഗന്ധം എങ്ങും ഉണ്ടായിരുന്നതായി അക്കാലത്തെ സ്കൂൾ അനുഭവങ്ങൾ പങ്കുവെച്ച ഏവരും അനുസ്മരിക്കുന്നു. 1967ൽ സ്കൂളിലെ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് പുറത്തിറങ്ങി. ഒരു ഫസ്റ്റ് ക്ലാസ് ഉൾപ്പെടെ നല്ല വിജയശതമാനം കൈവരിക്കാൻ കഴിഞ്ഞതായി ആദ്യ ബാച്ചിലെ വിദ്യാർത്ഥികളിൽ നിന്ന് അറിയാൻ കഴിഞ്ഞു. 1968 ലാണ് ഇന്ന് കാണുന്ന ഇരുനില കെട്ടിടം പണിതീർത്തത്. ഇന്നിപ്പോൾ ബഹുമാനപ്പെട്ട ചാത്തന്നൂർ എം.എൽ.എ. ജി. എസ്. ജയലാൽ മുൻകൈയെടുത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെയും പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലൂടെയും കോടികളുടെ സ്കൂൾ കെട്ടിടസമുച്ചയങ്ങൾ കൊണ്ടുവരികയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇന്ന് കൊല്ലം ജില്ലയിലെ തന്നെ മികച്ച സ്കൂൾ ആകാൻ ചാത്തന്നൂർ ഗവൺമെൻറ് വൊക്കേഷനൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിന് കഴിഞ്ഞിരിക്കുന്നു. 100 വിജയം, ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ, ക്ലാസ് മുറികൾ, മികച്ച ലാബ്,ലൈബ്രറി സൗകര്യങ്ങൾ ഇങ്ങനെ പോകുന്നു. ഭാഷാപണ്ഡിതനായ ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള സാർ തന്നെ മലയാള ഭാഷാ പഠനം ആരംഭിക്കുന്നത് ഈ വിദ്യാലയത്തിൽ നിന്നാകുന്നു. പിൽക്കാലത്ത് ഐ.എ. എസ്. ഉൾപ്പെടെ ഉന്നത സ്ഥാനങ്ങളിൽ എത്തിയ നിരവധി പേരെ സൃഷ്ടിക്കാൻ ഈ കലാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഇനിയും കാലത്തോളം ശോഭയോടെ ഈ നാടിന്റെ വിജ്ഞാനദീപമായി പ്രകാശിക്കാൻ ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

| ക്ലാസ് | ആകെ കുട്ടികൾ |
|---|---|
| 5 | **104** |
| 6 | **127** |
| 7 | **179** |
| 8 | **247** |
| 9 | **322** |
| 10 | **427** |
| **ആകെ** | **1406** |

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

ഹൈസ്കൂൾ വിഭാഗത്തിൽ 40 സബ്ജക്ട് അധ്യാപകരും ഭാഷാ അധ്യാപകരും കൂടാതെ പ്രവർത്തിപരിചയം, കായികം, കലാ വിദ്യാഭ്യാസം എന്നീ എന്നീ വിഭാഗത്തിൽ ഓരോ അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു അധ്യാപികയും ഒരു കൗൺസിലറും കരാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. യു.പി. വിഭാഗത്തിൽ 17 അധ്യാപകരാണ് ഉള്ളത്. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, രണ്ട് എഫ്. ടി. എം. എന്നിവരാണ് ഉള്ളത്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- സംസ്കൃതം അറബ് എന്നീ വിഷയങ്ങൾ ഐച്ഛികമായി എടുത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തെറ്റ് കൂടാതെ എഴുതുവാനും വായിക്കുവാനും സംസാരിക്കാനും ഉള്ള കഴിവുകൾ വളർത്തിയെടുക്കുകയും ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി വികസിപ്പിക്കാനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്യുക.
- സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരായ കുട്ടികളെ മാറ്റുക. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പാശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- പാർട്ടി പഠനാനുബന്ധപ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെകുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം ദീനാനുഗമ്പ സാമൂഹ്യബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- മികവാർന്നശേഷ ികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ
- പാരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറാനുമുള്ള ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കാൻ.
- ഇവിടെ പഠിച്ച പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്ക് വിദ്യാലയത്തെ എത്തിക്കുക.

## നിലവിലെ അവസ്ഥാവിശരണം

### ഭൗതിക നേട്ടങ്ങൾ

- 15 ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറ്റി
- എല്ലാ ക്ലാസ് മുറികളിലും ആവശ്യത്തിനനുസരിച്ച് ലൈറ്റും ഫാനും വച്ചു.
- രണ്ട് ഐടി ലാബുകൾ, ലൈബ്രറി, സയൻസ് ലാബ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നു
- എല്ലാ ക്ലാസ് റൂമുകളിലും നിലവിൽ സ്പീക്കർ സിസ്റ്റം ഉണ്ട്.
- അസംബ്ലിയും മറ്റു പരിപാടികൾ നടത്തുന്നതിനും നാട്ടുകരുടേയും അധ്യാപക - അനധ്യാപകരുടേയും സഹായത്തോടെ രണ്ടു മൈക്ക് സിസ്റ്റം സ്കൂളിലേക്ക് വാങ്ങി. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെസ്റ്റാഫ് റൂം ഓഫീസ് റൂം എന്നിവ നവീകരിക്കുവാൻ ശ്രമിക്കുന്നു. എം.പി. ഫണ്ടിൽ നിന്നും ഒരു ബസ്സും സർക്കാർ അനുവദിച്ച മറ്റൊരു ബസ്സും ഉൾപ്പെടെ രണ്ട് ബസ് സ്കൂളിൽ സ്വന്തമാക്കാൻ സാധിച്ചു.

- മറ്റൊരു ബസ് കോൺട്രാക്ട് വൈസിൽ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.
- പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവനയായി സ്കൂളിന് ഒരു പ്രധാന കവാടം നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

## ഭൗതികം പരിമിതികൾ

- ഐടി ലാബ്, സയൻസ് ലാബ്, ലൈബ്രറി, ഭക്ഷണശാല, വായന മുറി, പെൺകുട്ടികൾക്കുള്ള വിശ്രമമുറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങൾ ഇപ്പോഴും ഇല്ല.
- ആവശ്യത്തിനനുസരിച്ച് ശൗചാലയം സ്കൂളിൽ ഇല്ല. ധാരാളം പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ സാനിറ്ററി പാഡുകൾ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇൻസുലേറ്റർ സ്കൂളിന് അത്യാവശ്യമാണ്.
- സ്കൂളിൽ അസംബ്ലിയും മറ്റു പരിപാടികൾ നടത്തുമ്പോൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കാൻ സാധിക്കുന്നില്ല എന്നത് ഓഡിറ്റോറിയത്തിന്റെ ഒരു പരിമിതിയാണ്.
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം എന്നിവ നിർമ്മിക്കാനുള്ള സ്ഥലവും വിശാലമായ കളിസ്ഥലവും സ്കൂളിന് ആവശ്യമാണ്.

## അക്കാദമികം നേട്ടങ്ങൾ

തുടർച്ചയായി 10 വർഷത്തിലേറെ 90% - ത്തിൽ കൂടുതൽ വിജയവും അഞ്ചുവർഷമായി പത്താം ക്ലാസ് പരീക്ഷയിൽ 100% വിജയവും കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞു വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന എൻ.സി.സി.,എസ്.പി.സി., ജെ .ആർ. സി. ഭാരത് സ്കൗട്ട് & ഗൈഡ് ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു . ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളയിൽ 2022- 23, 2023-24 വർഷങ്ങളിൽ നമ്മുടെ വിദ്യാലയം മികച്ച പ്രകടനം കാഴ്ചവച്ചു. സബ്ജില്ലാതല ഗണിതമേളയിൽ സ്കൂളിനെ പ്രതിനിധീകരിച്ച് 14 കുട്ടികൾ പങ്കെടുത്തു. ജില്ലാതല ഗണിതശാസ്ത്രമേളയിൽ 10 കുട്ടികൾ പങ്കെടുത്തു. ജില്ലാതലത്തിൽ ഫസ്റ്റ് എ ഗ്രേഡ് നേടി സ്റ്റേറ്റ് തല ഗണിതശാസ്ത്രമേളയിൽ സെക്കൻഡ് എഗ്രേഡ് കരസ്ഥമാക്കി. ഗണിതമാഗസിൻ സബ്ജില്ലാതലത്തിൽഫസ്റ്റ് നേടി വിഭാഗങ്ങളായി 25 ഓളം കുട്ടികൾ പങ്കെടുക്കുകയും ജില്ലാതല മത്സരങ്ങളിലേക്ക് ഏഴ് വിദ്യാർഥികൾ യോഗ്യത നേടുകയും ചെയ്തു. സംസ്ഥാനതല മത്സരത്തിൽ സ്ട്രോബോർഡ് വിഭാഗത്തിൽഎ ഗ്രേഡോട് കൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചന്ദനത്തിരി നിർമ്മാണത്തിൽ എ ഗ്രേഡോഡു കൂടി രണ്ടാം സ്ഥാനവും ത്രെഡ് പാറ്റേൺ വിഭാഗത്തിൽ ബി ഗ്രേഡ് നേടുകയും ചെയ്തിട്ടുണ്ട്. 2023 24 ലെ സംസ്ഥാന കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഓട്ടൻതുള്ളൽ മത്സരത്തിൽ എ ഗ്രേഡ് ലഭിക്കുകയുണ്ടായി.

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ആവശ്യമാണ്. സ്കൂ ഗ്രന്ഥശാല ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിക്കണം. വേണ്ടത്ര ക്ലാസ്സ് റൂമുകൾ, വായന റൂമുകൾ തുടങ്ങിയവയുടെ പരിമിതികൾ തുടരുന്നു. കലാകായിക പരിശീലനത്തിന് ആവശ്യമാ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ല. പ്രവർത്തിപരിചയ സാമഗ്രികളുടെ അഭാവം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ വിഘാതം സൃഷ്ടിക്കുന്നു. വിശാലമായ കളിസ്ഥല ഇല്ലാത്തത് കുട്ടികളുടെ കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. എസ്.പി.സി. എൻ.സി.സി. ജെ.ആർ.സി. സ്കൗട്ട് & ആൻഡ് ഗൈഡ് തുടങ്ങിയവയുടെ പരേ പ്രവർത്തനങ്ങൾക്ക് മതിയായ സ്ഥലസൗകര്യം ഇല്ലാത്തത് പ്രവർത്തനങ്ങളുടെ മികവ് കുറയുന്നതിന കാരണമാകുന്നു.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ വിശാലമായ | പി.ടി.എ. ശക്തിപ്പെടുത്തൽ. |
| ഗണിത ശേഷി വികസനം | കളിസ്ഥലം. | എസ്.എം.സി. ശക്തിപ്പെടുത്തൽ |
| ഇംഗ്ലീഷ്, ഹിന്ദി, മലയാളം, | ലൈബ്രറി വിശ്രമമുറികൾ. | വിദ്യാലയ വികസന സമിതി. |
| അറബ്, സംസ്കൃതം | വായനാമുറി. | സ്കൂൾ ഡെവലപ്മെന്റ് |
| പഠന പരിപോഷണം. | കമ്പ്യൂട്ട ലാബ് | കമ്മിറ്റിയുടെ പ്രവർത്തനം. |
| വായനാ പരിപോഷണം. | മൾട്ടിമീഡിയ റൂം. | സ്കൂൾ ജാഗ്രത സമിതിയുടെ |
| ലൈബ്രറി ശാക്തീകരണം. | കുടിവെള്ള വിതരണം. | പ്രവർത്തനം |
| പ്രതിഭ പോഷണ പരിപാടി. | ഡൈനിങ് ഹാൾ. | എസ്.എസ്.എൽ.സി. ജാഗ്രത |
| ശലഭോദ്യാനം. | മാലിന്യ സംസ്കരണം. | സമിതി കാര്യക്ഷമമാക്കൽ. |
| പഠനയാത്രകൾ. | ഉദ്യാനം ഭാഷോത്സവം. | ഗ്രന്ഥശാല |
| സെമിനാറുകൾ. | ഗണിതോത്സവം. | വിവിധയിനം ക്ലബ്ബുകൾ. |
| കലാകായിക ശാസ്ത്രമേളകൾ. | ശാസ്ത്രോത്സവം. | സന്നദ്ധ സംഘടനകൾ |
| ഐ.ടി. പരിശീലന ക്ലാസ് | ഐ.ടി. മേള. | പൂർവ്വ വിദ്യാർത്ഥികൾ |
| സജീവമാക്കൽ | കലാകായിക | വിദ്യാഭ്യാസ പ്രവർത്തകർ |
| | പ്രവർത്തി പരിചയമേള. | പൂർവ്വ അധ്യാപകർ |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

# (Mathematics)

**മോഡ്യൂൾ**

**ക്ലാസ്: 8**

- **ഗുണന പട്ടിക പരിശീലിപ്പിക്കുന്നു.**
- **രണ്ടക്ക സംഖ്യകളുടെ ഗുണനം ചതുര ഗുണന രീതിയിലും പാറ്റേൺ രീതിയിലും പരിശീലിപ്പിക്കുന്നു.**
- **ത്രികോണങ്ങളുടെ തുല്യമായി ബന്ധപ്പെട്ട മൂന്ന് ആശയങ്ങളും ചിത്രങ്ങൾ നൽകിക്കൊണ്ട് പരിശീലിപ്പിക്കുന്നു.**
- **സമപാർശ ത്രികോണത്തിന്റെ പ്രത്യേകതകൾ ഉറപ്പിക്കുന്നു**
- **ബഹുഭുജങ്ങൾ എന്ന പാഠഭാഗത്ത് കോണുകളുടെ തുക പുറം കോണുകളുടെ തുക രേഖയുടെ തുക എന്നിവ പരിചയപ്പെടുത്തുന്നു.**
- 
- **ക്ലാസ്: 9**
- **√2, √3, √4 എന്നിവയുടെ ജ്യാമതീയ രൂപം വരയ്ക്കുന്നു.**
- **വർഗ്ഗ വ്യത്യാസത്തിലൂടെ ഒറ്റ സംഖ്യ പരപ്പളവാകുന്ന സമചതുരത്തിന്റെ നിർമ്മിതി.**
- **ഒരു വരയെ തുല്യമായി ബാധിക്കുന്ന രീതി.**
- **ചുറ്റളവ് തന്നാൽ സമഭുജ ത്രികോണവും സമചതുരവും വരയ്ക്കുന്ന രീതി.**
- **ചുറ്റളവും വർഷങ്ങളുടെ അംശബന്ധവും തന്നാൽ ചതുരവും ത്രികോണവും വരയ്ക്കുന്ന രീതി.**

**ക്ലാസ്: 10**

- **ശ്രേണി, സമാന്തരശ്രേണി രൂപീകരണം സമാന്തരശ്രേണിയുടെ ബീജഗണിതരൂപം എന്നിവ പരിചയപ്പെടുത്തുന്നു.**
- **കേന്ദ്രകോണും ചാപവും തമ്മിലുള്ള ബന്ധം.**
- **ചക്രീയ ചതുർഭുജം എന്ന ആശയം.**
- **തുടർച്ചയായ സംഖ്യകളുടെ തുക കണ്ടുപിടിക്കുന്ന വിധം.**
- **സാധ്യത എന്ന ആശയം ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ.**
- **സംഖ്യാ സാധ്യതയും  ജ്യാമതീയ സാധ്യതയും ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ.**

# ഗണിത ക്ലബ്ബ്

**പേപ്പർ ബാഗ് നിർമ്മാണം**

**9 -ാം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ പ്രവർത്തനമാണ് പേപ്പർ ബാഗ് നിർമ്മാണം. എല്ലാ ഡിവിഷനിൽ നിന്നും രണ്ടു കുട്ടികളെ വീതം ഉൾപ്പെടുത്തി ആദ്യമായി ഒരു ഗ്രൂപ്പ് രൂപീകരിച്ചു. പേപ്പർ ബാഗ് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയുണ്ടായി. എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1.15 മുതൽ 2 വരെയാണ് പരിശീലനം നൽകുന്നത്. തുടർന്ന് പേപ്പർ ബാഗ് നിർമ്മാണത്തിന്റെ മത്സരം സെപ്റ്റംബറിൽ നടത്താൻ തീരുമാനിച്ചു.**

# അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്.എസ്. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>•അക്ഷരം ഉറപ്പിക്കൽ<br>•അടയാളം ഉറപ്പിക്കൽ<br>•അക്ഷര കാർഡ് നൽകൽ<br>•വാക്കുകൾ എഴുതിയ കാർഡ്<br>•വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം- അടിക്കുറിപ്പ്<br>•ചിത്രം- കഥ എഴുത്ത്<br>•ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ടുമാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | •ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം<br>•വായനക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>•ദിനാചരണം<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>•ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദ്യകരമായ വായന<br>• ഇ- വായന | ആറുമാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇൻറർനെറ്റ് കമ്പ്യൂട്ടർ | പി.ടി.എ. അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്. എസ്. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാര ൻ ആക്കുക | •എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ്, പതിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>•ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>• സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>• വ്യക്തിഗത രചന, സംഘ രചന<br>• ഭാഷാ പ്രോജക്റ്റ്<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖ സംവാദം<br>• സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ആറു മാസം | ലൈബ്രറി പുസ്തകങ്ങൾ , ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ. അധ്യാപകർ |
| 4. സദസിനെ അഭിമുഖീകരി ക്കാൻ പ്രാപ്തരാക്കുക | • പ്രസംഗ പരിശീലന കളരി<br>• വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ<br>• മികച്ച പ്രസംഗങ്ങൾ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>• പ്രസംഗം അവതരിപ്പിക്കുന്നതിന് വേദികൾ സജ്ജമാക്കുക | ആറു മാസം | ഓഡിയോ, വീഡിയോ ക്ലിപ്പുകൾ | പി.ടി.എ. അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്. എസ്. അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.. കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആവുക<br><br><u>എഴുത്ത്</u><br><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക<br><br><u>അറിവിൻ തിളക്കം</u><br><br>അറബിയിൽ അറിവ് നേടുക | •അറബിക് ലൈബ്രറി ശാക്തീകരണം<br>• അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു<br>•പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു<br>• കഥകൾ കവിതകൾ ചിത്രകഥകൾ...........................<br>• വായന കോർണർ സ്ഥാപിക്കുന്നു<br>• ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>• കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിൾ ഉൾപ്പെടുത്തിക്കൊള്ളിച്ച് ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും.<br>• കാർണിവൽ ഓരോ മാസവും നിശ്ചിത തീയതിയിൽ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു അതിൽനിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു.<br>• പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു അനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ആറുമാസം<br>ജൂൺ-നവംബർ<br><br>സെപ്റ്റംബർ-നവംബർ<br><br>നവംബർ-ഡിസംബർ ം | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ<br><br>ബോക്സ് ലാപ്ടോപ്പ് | ബി ആർ സി, ഡയറ്റ് പൂർവവിദ്യാർഥികൾ, സ്പോൺസർഷിപ്പ്<br><br>അധ്യാപകർ പൂർവവിദ്യാർഥികൾ,<br><br>സ്പോൺസർഷിപ്പ്<br><br>അധ്യാപകർ, പൂർവവിദ്യർഥികൾ, സ്പോൺസർഷിപ്പ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്. എസ്. അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1.. കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആവുക<br><br><u>എഴുത്ത്</u><br><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക<br><br><u>അറിവിൻ തിളക്കം</u><br><br>അറബിയിൽ അറിവ് നേടുക | • ദിനാചരണങ്ങൾ<br>• ദിനാചരണത്തെ കുറിച്ചുള്ള അപബോധം ഉണ്ടാക്കുന്നു<br>• ആസ്വാദനം അറബിക് ലാംഗ്വേജ് അറബിക് ഫെസ്റ്റ്<br>• അറബിഭാഷയെക്കുറിച്ച് കൂടുതൽ അറിയാൻ തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക.<br>• അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br>• പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ജൂലൈ-ആഗസ്റ്റ്<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി | സ്റ്റേജ് സൗണ്ട് ബോക്സ്<br><br>പോസ്റ്ററുകൾ<br>.<br>സി.ഡി.<br><br>കമ്പ്യൂട്ടർ, ടി.വി.<br><br>പ്രൊജക്റ്റർ സി.ഡി.<br><br>കമ്പ്യൂട്ടർ ടിവി പ്രൊജക്റ്റർ<br><br>ഓഡിയോ, വീഡിയോ ക്ലിപ്പുകൾ | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ്<br><br>അധ്യാപകർ<br><br>പൂർവവിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ്<br><br>ബി. ആർ. സി.<br><br>ഡയറ്റ്<br><br>സ്പോൺസർഷിപ്പ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച് എസ്
### സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം ബയോളജി
### സ്റ്റാൻഡേർഡ് : 8

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| യൂണിറ്റ് 1<br>നട്ടു നനയ്ക്കാം നന്മകൾ കൊയ്യാം | •ഫീൽഡ് ട്രിപ്പിലൂടെ കുട്ടികൾക്ക് കൃഷിയെക്കുറിച്ചുള്ള നേര് അനുഭവം നൽകാൻ കഴിഞ്ഞു.<br>• സ്കൂളിൽ തന്നെ തുടങ്ങിയ നൂതന കൃഷി രീതികൾ നടപ്പിലാക്കിയതിലൂടെ കുട്ടികൾക്ക് കൃഷിയോടുള്ള താല്പര്യം വർധിപ്പിക്കാൻ കഴിഞ്ഞു. | ജൂലൈ- ആഗസ്റ്റ് | | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ്<br>അധ്യാപകർ<br>പൂർവവിദ്യർത്ഥികൾ |
| യൂണിറ്റ് 2<br>ജീവൻറെ ഉത്ഭവം ജീവികളുടെയും | •ഐ.സി.ടി വീഡിയോ നിരീക്ഷണം മോഡൽ നിർമ്മാണം ചിത്രീകരണ വിശകലനം എന്നിവയിലൂടെ ആശയം കുട്ടികളിൽ എത്തിക്കാൻ തീരുമാനിച്ചു. | നവംബർ | | സ്പോൺസർഷിപ്പ്<br>ബി. ആർ. സി. |
| യൂണിറ്റ് 3<br>കോശങ്ങളും കോശജാലങ്ങളും | •മൈക്രോസ്കോപ്പ് സ്വയം കൈകാര്യം ചെയ്യാനുള്ള ശേഷി പ്രാപ്തമാക്കാൻ തീരുമാനിച്ചു.<br>• ജന്തു കോശവും സസ്യകോശവും തിരിച്ചറിയാനുള്ള കഴിവ് മോഡൽ നിർമ്മാണത്തിലൂടെ പ്രാപ്തമാക്കാൻ തീരുമാനിച്ചു. | ഡിസംബർ<br>ജനുവരി | | ഡയറ്റ് |
| സ്റ്റാൻഡേർഡ് 9<br>യൂണിറ്റ് 1<br>ജീവൽ പ്രക്രിയകളിലേക്ക് | •സസ്യങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം കണ്ടൽക്കാടിന്റെ പ്രാധാന്യം എന്നിവ ഐ.സി.ടി.യുടെ സഹായത്തോടെ മനസ്സിലാക്കുവാൻ തീരുമാനിച്ചു<br>• ഓസ്മോസിസ്, ഡിഫിഷൻ ഇവ ചെറുപരീക്ഷണങ്ങളിലൂടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് മനസ്സിലാക്കുവാൻ തീരുമാനിച്ചു. | | | സ്പോൺസർഷിപ്പ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്.എസ്.

## സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| യൂണിറ്റ് 2<br><br>ദഹനവും പോഷക സംവാഹനവും | • ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാൻ തീരുമാനിച്ചു.<br>• പല്ലിൻറെ ഘടന ദഹന വ്യവസ്ഥ മോഡൽ ഐസിടി ഇവയുടെ സഹായത്തോടെ കുട്ടികളിൽ എത്തിക്കാൻ തീരുമാനിച്ചു.<br>• ഹൃദയത്തിൻറെ ഘടന മോഡൽ നിർമ്മാണം, പോത്തിന്റെ ഹൃദയം ഡിസെക്ഷൻ നടത്താൻ തീരുമാനിച്ചു. | ജൂലൈ-ആഗസ്റ്റ് | | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ്<br><br>അധ്യാപകർ<br><br>പൂർവവിദ്യർത്ഥികൾ |
| യൂണിറ്റ് 3<br><br>ശ്വസനവും വിസർജനവും | മനുഷ്യൻറെ ശ്വസന വ്യവസ്ഥ എന്നിവയുടെ മോഡൽ നിർമ്മിക്കുന്നതിലൂടെ ഘടന മനസ്സിലാക്കാൻ കഴിയും | നവംബർ<br><br>ഡിസംബർ | | സ്പോൺസർഷിപ്പ്<br><br>ബി. ആർ. സി.<br><br>ഡയറ്റ് |
| യൂണിറ്റ് 4<br><br>ചലനത്തിന് പിന്നിൽ | മനുഷ്യാസ്തികൂടം - മോഡലിന്റെ സഹായത്തോടെ ധാരണ കൈവരിക്കാൻ തീരുമാനിച്ചു.<br><br>• ജീവ ലോകത്തെ<br>• സഞ്ചാരവൈവിധ്യം- ഐ.സി.ടി. ചിത്രങ്ങൾ വിവരങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചു | ജനുവരി | | |
| യൂണിറ്റ് 5<br><br>പ്രത്യുൽപാദന ആരോഗ്യം | • കൗമാരം ആരോഗ്യം ഭക്ഷണശീലം ബോധവൽക്കരണ ക്ലാസ്<br>• മാതൃത്വത്തിന്റെ പ്രാധാന്യം ചിത്രങ്ങൾ വിവരങ്ങൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | | | സ്പോൺസർഷിപ്പ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്. എസ്.
### സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| യൂണിറ്റ് 6<br>വർഗ്ഗീകരണം | •സസ്യങ്ങളുടെയും ബന്ധുക്കളുടെയും വർഗീകരണം<br>•ഫയലങ്ങൾ ഡിവിഷനുകൾ ഐസിടിയുടെ സഹായത്തോടെ ധാരണ കൈവരിക്കാൻ തീരുമാനിച്ചു | ജൂലൈ- ആഗസ്റ്റ് | | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br>സ്പോൺ സർഷിപ്പ് |
| സ്റ്റാൻഡേർഡ് 10<br>യൂണിറ്റ് 1<br>ജീവൻറെ ജനതകം | • ഡി.എൻ.എ. ആർ.എൻ.എ. മോഡൽ നിർമ്മാണം ഐ.സി.ടി. ഉപയോഗിച്ച്<br>•ന്യൂക്ലിയോ ടൈഡുകളെ സൂചിപ്പിക്കുന്നതിന് നിറമുള്ള മുത്തുകൾ ഉപയോഗിച്ച് ട്രാൻസ്ക്രിപ്ഷൻ ട്രാൻസ്ലേഷൻ എന്നീ പ്രക്രിയകൾ മനസ്സിലാക്കൽ | | | അധ്യാപകർ<br>പൂർവവിദ്യർത്ഥികൾ |
| യൂണിറ്റ് 2<br>പരിണാമത്തിന്റ വഴികൾ | •നാഡീകോശത്തിന്റെ മാതൃക മുത്തുകൾ ചെറിയ കമ്പികൾ ഊളൻ എന്നിവ ഉപയോഗിച്ച് കുട്ടികളെ കൊണ്ട് നിർമ്മിക്കാൻ തീരുമാനിച്ചു<br>• പരമാവധി ജീവികളെ ഉൾപ്പെടുത്തി മനുഷ്യൻറെ ഭരണപക്ഷം ക്ലാസിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ചു | നവം ബർ<br>ഡിസം ബർ | | സ്പോൺസർഷിപ്പ്<br>ബി. ആർ. സി.<br>ഡയറ്റ് |
| യൂണിറ്റ് 3<br>സംവേദനങ്ങൾക്ക് പിന്നിൽ | • കണ്ണിൻറെ ഘടന മോഡൽ ഐ.സി.ടി. സംവേദന വൈവിധ്യം ജീവികളിൽ പട്ടിക രൂപത്തിൽ ധാരണ കൈവരിക്കാൻ തീരുമാനിച്ചു | ജനുവരി | | സ്പോൺസർഷിപ്പ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്. എസ്.
### സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം ഫിസിക്സ് /കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| സ്റ്റാൻഡേർഡ് 8<br>യൂണിറ്റ് 1<br>അളവുകളും തൂക്കങ്ങളും | • അളവുകളും യൂണിറ്റുകളും അടങ്ങിയ ചാർട്ട് നിർമ്മിക്കുന്നു<br>• ചലനവും ബലവും പ്രയാസമുള്ള പദങ്ങളുടെ നിർവചനങ്ങളും സമവാക്യം യൂണിറ്റ് എന്നിവ ഉൾപ്പെടുത്തിയ നോട്ട് ചാർട്ട് എന്നിവ നൽകുന്നു<br>• മർദ്ദം പ്രയാസമുള്ള പദങ്ങളുടെ നിർവചനം സമവാക്യങ്ങളും യൂണിറ്റും ഉൾപ്പെടെ നോർത്ത് നൽകുന്നു കുട്ടികളെക്കൊണ്ട് ആവർത്തിച്ച് എഴുതിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>നവംബർ | | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ്<br>അധ്യാപകർ<br>പൂർവവിദ്യർത്ഥികൾ |
| കെമിസ്ട്രി<br>രാസമാറ്റങ്ങൾ<br>മൂലകങ്ങളും സംയുക്തങ്ങളും<br>ലോഹങ്ങളും അലോഹങ്ങളും | • മാറ്റങ്ങൾ തരംതിരിച്ച് നോട്ട് നൽകുകയും ഉദാഹരണം കണ്ടെത്തി എഴുതുകയും ചെയ്യുന്നു<br>• പുതിയ പദങ്ങളുടെ നിർവചനം ഉദാഹരണം എന്നിവ എഴുതിക്കുന്നു<br>• ലോഹങ്ങളുടെ പൊതുസ്വഭാവങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു | ഡിസംബർ | | സ്പോൺസർഷിപ്പ്<br>ബി. ആർ. സി.<br>ഡയറ്റ് |
| സ്റ്റാൻഡേർഡ് 9<br>ഫിസിക്സ് യൂണിറ്റ് 1<br>റിഫ്രാക്ഷൻ ഓഫ് ലൈറ്റ് (പ്രകാശത്തിന്റെ അപവർത്തനം) | • നിയമങ്ങൾ നിർവചനങ്ങൾ സമവാക്യങ്ങൾ പ്രതിഭാസങ്ങൾ എന്നിവ ചെറിയ ആശയങ്ങളായി നൽകുന്നു രേഖ ചിത്രങ്ങൾ വരയ്ക്കാൻ പരിശീലിപ്പിക്കുന്നു | ജനുവരി | | സ്പോൺസർഷിപ്പ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല- എച്ച്.എസ്.

## സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം ഫിസിക്സ് /കെമിസ്ട്രി

| ലക്ഷ്യം | ഒൻപത് കെമിസ്ട്രി<br>പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| യൂണിറ്റ് 3<br>ചലന സമവാക്യങ്ങൾ | • ഗ്രാഫ് വരയ്ക്കാൻ പരിശീലിപ്പിക്കുന്നു<br>•(ലാ ഓഫ് മോഷൻ) ചലന നിയമങ്ങൾ<br>• ആശയങ്ങൾ ലഘൂകരിച്ച് നൽകുന്നു<br>• സമവാക്യങ്ങൾ ആവർത്തിച്ച് എഴുതിപ്പിക്കുന്നു | ജൂലൈ-ആഗസ്റ്റ് | | അധ്യാപകർ പൂർവവിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ്<br>അധ്യാപകർ |
| 9 കെമിസ്ട്രി<br>യൂണിറ്റ് 1<br>ആറ്റത്തിന്റെ ഘടന | •ആറ്റം ചേരുംപടി ചേർക്കൽ<br>• ഘടനകൾ ശാസ്ത്രജ്ഞന്റെ പേര്<br>•ഇലക്ട്രോൺ വിന്യാസം<br>• | | | പൂർവവിദ്യർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| യൂണിറ്റ് 2<br>പീരിയോഡിക് ടേബിൽ | ഐസിടി ചാർട്ട് നൽകുന്നു പരിചയപ്പെടുത്തുന്നു ഗ്രൂപ്പ് പീരിയഡ് ബ്ലോക്ക് കണ്ടെത്താൻ കഴിയുന്നു<br>• | നവംബർ<br>ഡിസംബർ | | ബി. ആർ. സി.<br>ഡയറ്റ് |
| സ്റ്റാൻഡേർഡ് 10<br>യൂണിറ്റ് 1<br>ജീവന്റെ ജനിതകം | | ജനുവരി | | |
| യൂണിറ്റ് 1<br>+<br>ജീവൽ പ്രക്രിയകളിലേക്ക് | | | | സ്പോൺസർഷിപ്പ് |